# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുട്ടികൾ അടയാളങ്ങളാണ്- പാപ്പാ



ബത്‌ലഹേമിലെ പ്രസംഗത്തിൽ പാപ്പാ കൂടുതൽ ശ്രദ്ധ നൽകിയത് കുട്ടികൾ നേരിടുന്ന വെല്ലുവിളികൾക്കാണ്.
രക്ഷ പ്രതീക്ഷിച്ചിരുന്നവർക്കുള്ള ദൈവത്തിന്റെ അടയാളമായിരുന്നു ബത്‌ല ഹേമിൽ ജനിച്ച ഉണ്ണീശോ. ഇത് ലോകത്തോടുള്ള ദൈവത്തിന്റെ എക്കാലത്തെയും ദയാവായ്പിന്റെയും ലോകത്തിലുള്ള അവിടുത്തെ സാന്നിധ്യത്തിന്റെയും അടയാള മാണ്."ഇത് നിങ്ങൾക്കൊരു അടയാളമാണ്. പിള്ളക്കച്ചകളിൽ പൊതിഞ്ഞ ശിശു" എന്നാണ് മാലാഖമാർ ഇടയന്മാരോട് പറഞ്ഞത്. ഇന്നും ശിശുക്കൾ അടയാളമാണ്. പ്രതീക്ഷയുടെയും ജീവിതത്തിന്റെയും അടയാളം. അതുപോലെതന്നെ തിരിച്ചറിയലി ന്റെയും അടയാളമാണ് ശിശുക്കൾ. കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ലോകത്തി ന്റെയും ആരോഗ്യത്തിന്റെ അടയാളമാണ് ശിശുക്കൾ.
"എവിടെയെല്ലാം കുട്ടികൾ അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുവോ, അവിടുത്തെ കുടുംബങ്ങൾ ആരോഗ്യമുള്ള താകും. സമൂഹം കൂടുതൽ ചൈതന്യമുള്ളതാകും ലോകം കൂടുതൽ മനുഷ്യത്വം നിറഞ്ഞതാകും." ബെത്‌ലഹേമിലെ മെയ്ഞ്ചർ സ്ക്വെയറിലെ കുർബാനയ്ക്കിടയിലെ പ്രസംഗത്തിലായിരുന്നു പാപ്പാ ഇക്കാര്യങ്ങൾ പറഞ്ഞത്. പാപ്പാ തുടർന്നു. "പക്ഷെ ഇന്നത്തെ സങ്കടകരമായ കാര്യം കുട്ടികൾ അവഗണിക്കപ്പെടുന്നു, അടിമകളാക്ക പ്പെടുന്നു. ഒരു ശിശുവായി ഭൂമിയിൽ ജനിച്ചുവീണ ദൈവത്തിന്റെ മുമ്പിൽ നിൽക്കു മ്പോൾ നമ്മെ ലജ്ജിപ്പിക്കേണ്ട കാര്യമാണിത്. നമ്മൾ യൗസേപ്പിനെയും മാതാവിനെയും പോലെ ശിശുക്കളെ സംരക്ഷിക്കുന്നുണ്ടോ? നമ്മൾ ജ്ഞാനികളെപ്പോലെ അവരുടെ മുമ്പിൽ സമ്മാനങ്ങളുമായി മുട്ടുകുത്തുന്നുണ്ടോ? അതോ ഹേറോദേസിനെപ്പോലെ അവരെ പീഢിപ്പിക്കുകയാണോ? നമ്മുടെ കുട്ടികളെ ശ്രദ്ധിക്കാനും ശ്രവിക്കാനും അവരോടൊപ്പം പ്രാർത്ഥിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നമുക്ക് സാധിക്കു ന്നുണ്ടോ? കരയുന്ന ഓരോ ബാലനും ബാലികയും അടയാളങ്ങളാണ്. അവന് വിശന്നിട്ടോ അവൾക്ക് തണുത്തിട്ടോ അവരെ കരങ്ങളിലെടുക്കുന്നതിനോ വേണ്ടി യാകാം അവർ കരയുന്നത്. ഇന്നും കുട്ടികൾ ഭക്ഷണവും മരുന്നുമില്ലാതെ നിലവിളി ക്കുന്നുണ്ട്. കരയാൻ പോലുമാകാത്ത കുട്ടികളുണ്ട്. അവർക്കുവേണ്ടി അവരുടെ അമ്മമാർ നിലവിളിക്കുന്നു-ആധുനികറാഹേലുമാരെപ്പോലെ അവർ കുട്ടികൾക്കായി നിലവിളിക്കുകയാണ്. അവരെ ആശ്വസിപ്പിക്കാൻ ആർക്കും ആവുന്നില്ല."
"ഇത് നിങ്ങൾക്കുള്ള അടയാളമാണ്. തിരിച്ചറിവിനുള്ള അടയാളം. ഓരോ കുട്ടിയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും അവസ്ഥ വെളിപ്പെടുത്തുന്ന അടയാളമാണ്. നമ്മളത്

തിരിച്ചറിയണം. അതിന് സാധിച്ചാൽ സഹോദര്യവും കരുണയും കൂട്ടായ്മയും സ്നേഹവും നിറഞ്ഞ പുതിയൊരു ജീവിതാവസ്ഥയിലേക്ക് നമ്മൾ വളരും.''

മാതാവിനോടുള്ള പ്രാർത്ഥനയോടെ പാപ്പാ പ്രസംഗം അവസാനിപ്പിച്ചു.